**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 558** **28-06-2022 - ൽ മറുപടിയ്ക്ക്**

**പെട്രോളിയം ഉൽപന്നങ്ങളുടെ നികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും പെട്രോളിയം ഉൽപന്നങ്ങളുടെ നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് എത്ര വരുമാനം ലഭിച്ചിട്ടുണ്ട് എന്ന് ഇനം തിരിച്ച വ്യക്തമാക്കുമോ; ഈ കാലയളവിൽ എത്ര തവണ പെട്രോൾ, ഡീസൽ എന്നിവയുടെ വില എണ്ണക്കമ്പനികൾ വർധിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ; | (എ) | 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും പെട്രോളിയം ഉൽപന്നങ്ങളുടെ നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ച വരുമാനം അനുബന്ധമായി (അനുബന്ധം-1) ചേർക്കുന്നു.<br><br>ഈ കാലയളവിൽ എത്ര തവണ പെട്രോൾ, ഡീസൽ എന്നിവയുടെ വില എണ്ണക്കമ്പനികൾ വർദ്ധിപ്പിച്ച എന്ന വിവരവും അനുബന്ധമായി (അനുബന്ധം-2) ചേർക്കുന്നു. |
| (ബി) | ഓരോ സാമ്പത്തിക വർഷവും വിലവർധനയുടെ ഭാഗമായി പെട്രോൾ , ഡീസൽ എന്നിവയുടെ നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുള്ള അധികവരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഓരോ സാമ്പത്തിക വർഷവും വിലവർദ്ധനയുടെ ഭാഗമായി പെട്രോൾ, ഡീസൽ എന്നിവയുടെ നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുള്ള അധികവരുമാനം അനുബന്ധമായി (അനുബന്ധം-3) ചേർക്കുന്നു. |
| (സി) | വിലവർധന മൂലമുള്ള അധിക വരുമാനം വേണ്ടെന്നുവച്ച് കൊണ്ട് ജനങ്ങൾക്ക് ആശ്വാസം നൽകാൻ ഏതെങ്കിലും ഘട്ടത്തിൽ നിലവിലെ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ വിശദാംശം നൽകുമോ? | (സി) | നിലവിൽ പെട്രോളിനും ഡീസലിനും 1963-ലെ സംസ്ഥാന പൊതുവിൽപന നികുതി നിയമപ്രകാരമാണ് നികുതി ഈടാക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പെട്രോൾ, ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല.<br><br>കേന്ദ്ര സർക്കാരിന്റെ എക്സൈസ് തീരുവയും സെസ്സും വരുത്തിയ നികുതി വർദ്ധനവ് മൂലമുള്ള വിലക്കയറ്റം അതിജീവിക്കുവാൻ സംസ്ഥാന സർക്കാർ |

| | | | |
|---|---|---|---|
| | | | ഈടാക്കുന്ന നികുതികളിൽ മാത്രം കുറവ് വരുത്തുന്നത് ഉചിതമല്ല. നികുതിനിരക്ക് കുറച്ചാൽ വികസനക്ഷേമ പ്രവർത്തനങ്ങൾ തുടരുന്നതിന് വൻപ്രതിസന്ധി സൃഷ്ടിക്കും. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും പെട്രോളിയം ഉൽപന്നങ്ങളുടെ നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ച വരുമാനം

| | തുക (കോടിയിൽ) | | |
|---|---|---|---|
| സാമ്പത്തിക വർഷം | പെട്രോൾ | ഡീസൽ | ഏവിയേഷൻ ടർബൈൻ ഫ്യൂവൽ |
| 2016-17 | 2872.90 | 3530.42 | 104.89 |
| 2017-18 | 3226.99 | 3823.30 | 130.28 |
| 2018-19 | 3668.70 | 4136.49 | 170.23 |
| 2019-20 | 3823.64 | 4035.09 | 43.80 |
| 2020-21 | 3682.58 | 3415.95 | 3.61 |
| 2021-22 | 4954.58 | 4463.30 | 6.47 |
| 2022-23 (2022 മെയ് 31 വരെ) | 572.58 | 507.52 | 2.01 |

## അനുബന്ധം-2

2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും പെട്രോൾ, ഡീസൽ എന്നിവയുടെ വില എത്ര തവണ എണ്ണക്കമ്പനികൾ വർദ്ധിപ്പിച്ചു എന്ന വിവരം

| | തവണ | |
|---|---|---|
| സാമ്പത്തിക വർഷം | പെട്രോൾ | ഡീസൽ |
| 2016-17 | 15 | 14 |
| 2017-18 | 123 | 170 |
| 2018-19 | 139 | 131 |
| 2019-20 | 89 | 73 |
| 2020-21 | 76 | 73 |
| 2021-22 | 78 | 76 |
| 2022-23 (2022 ജൂൺ 22 വരെ) | 5 | 5 |

സെക്ഷൻ ഓഫീസർ

## അനുബന്ധം-3

2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും വിലവർദ്ധനയുടെ ഭാഗമായി പെട്രോൾ, ഡീസൽ എന്നിവയുടെ നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുള്ള അധികവരുമാനം

| സാമ്പത്തിക വർഷം | ഡീസൽ (കോടിയിൽ) | പെട്രോൾ (കോടിയിൽ) |
|---|---|---|
| 2016-17 | 436.77 | 262.89 |
| 2017-18 | 146.85 | 107.59 |
| 2018-19 | 212.23 | 70.50 |
| 2019-20 | NIL | NIL |
| 2020-21 | 481.6 | 469.85 |
| 2021-22 | 339.97 | 555.8 |

**സെക്ഷൻ ഓഫീസർ**